## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325 25.06.2012-ൽ മറുപടിക്ക്.

### എയർപോർട്ട് കാർഗോ മോഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. കെ. എം. ഷാജി:<br>ശ്രീ. പി. ബി. അബ്ദുൾ റസാക്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയർപോർട്ടുകൾ വഴി യാത്ര ചെയ്യുന്നവരുടെയും, അയയ്ക്കുന്ന കാർഗോയുടെയും സുരക്ഷയും സുഗമമായ നീക്കവും ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (BCAS) യുടെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് എയർപോർട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നത്. അതിൻ പ്രകാരം CISF ന്റെ മേൽ നോട്ടത്തിൽ എയർപോർട്ടിന് കാവൽ ഏർപ്പെടുത്തുകയും യാത്രക്കാരേയും ജീവനക്കാരേയും എയർപോർട്ട് പ്രവർത്തനങ്ങളേയും CCTV മുഖേന നിരീക്ഷിച്ചും Anti - Sabotage , Anti-hijack സംവിധാനങ്ങളുപയോഗിച്ചും, Baggage Screening, Cargo Screening, മിന്നൽ പരിശോധന എന്നിവ നടത്തിയും എയർപോർട്ടുകളുടെ സുരക്ഷ ഉറപ്പാക്കി വരുന്നു.<br>തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങൾ വഴി ഇറക്കുമതി ചെയ്യുന്ന Un accompanied ബാഗേജ് മറ്റ് കാർഗോ എന്നിവ ഈ വിമാനത്താവളങ്ങളിലെ എയർ കാർഗോ കോംപ്ലക്സിന്റെ കസ്റ്റോഡിയനായ K. S. I. E യുടെ |

| | | | |
|---|---|---|---|
| | | | എയർ കാർഗോ കോംപ്ലക്സുകളിലാണ് ഡപ്പോസിറ്റ് ചെയ്യേണ്ടത്. കാർഗോ കോംപ്ലക്സുകളിൽ നിന്നും ഈ സാധനങ്ങൾ കസ്റ്റംസ് പരിശോധന നടത്തി കഴിഞ്ഞാണ് വിട്ടുകൊടുക്കേണ്ടത്. കസ്റ്റംസ് ഡിപാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ടുള്ള പബ്ളിക് നോട്ടീസിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് Import കാർഗോ മേൽപറഞ്ഞ വിമാനത്താവളങ്ങളിൽ Cargo Custodian ആയ K.S.I.E യെ ഏൽപ്പിക്കേണ്ടത് അതത് വിമാന കമ്പനികളുടെ ചുമതലയാണ്. എയർലൈൻ സെക്യൂരിറ്റി, കസ്റ്റംസ് എന്നിവരുടെ അകമ്പടിയോടെയാണ് കാർഗോ എയർപോർട്ട് ടർമാക്കിൽ നിന്നും കാർഗോ കോംപ്ലക്സിൽ എത്തിക്കേണ്ടത്. കൊച്ചി വിമാനത്താവളത്തിൽ കാർഗോ സ്ക്രീനിംഗും CCTV നിരീക്ഷണവും മുഖേന കാർഗോയുടെ സുരക്ഷ ഉറപ്പാക്കുന്നു. K. S. I. E യുടെ കീഴിലുള്ള എയർ കാർഗോ കോംപ്ലക്സുകളിൽ സുരക്ഷാ സംവിധാനങ്ങൾ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി CCTV സംവിധാനം ഏർപ്പെടുത്തുന്ന തിനുള്ള നടപടികൾ എടുത്ത് കഴിഞ്ഞു. |
| (ബി) | കാർഗോ കൈകാര്യം ചെയ്യുന്ന വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. |
| (സി) | കാർഗോയിൽ വരുന്ന ബാഗേജുകൾ പൊളിച്ചും പായ്ക്കിംഗ് കീറിയും സാധനങ്ങൾ മോഷ്ടിക്കുന്ന സംഘം ജീവനക്കാർക്കിടയിൽ ഉണ്ടെന്ന വസ്തുത റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (സി) | ചില വിമാനകമ്പനികളുടെ കരാർ ജോലി ഏറ്റെടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ചില താൽക്കാലിക ജീവനക്കാരുടെ ഭാഗത്ത് നിന്നും മോഷണ ശ്രമങ്ങൾ ഉണ്ടായിട്ടുള്ളതായി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം വിമാനത്താവളത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ട്. |
| (ഡി) | മോഷ്ടിച്ച വസ്തുക്കൾ മതിലിനു പുറത്തേയ്ക്കെറിഞ്ഞു കൊടുത്തു കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം വിമാനത്താവളത്തിൽ 22/4/2012 - ൽ കുറച്ച് സാധനങ്ങൾ ചുറ്റുമതിലിന് പുറത്ത് കാണുകയുണ്ടായി. ഇക്കാര്യം പോലീസ് കേസെടുത്ത് അന്വേഷിക്കുകയും നാല് പ്രതികളെ പിടിക്കുകയും ചെയ്തു. പ്രസ്തുത കേസിപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ഈ സംഭവത്തെ തുടർന്ന് എയർപോർട്ട് അതിർത്തി സുരക്ഷ CISF മുഖേന ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ